**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 110** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡ് നിർമ്മാണത്തിലെ നിർജീവാവസ്ഥ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഗീതാ ഗോപി

ശ്രീ. പി. പ്രസാദ്

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. കെ. കെ. വത്സരാജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധനവിനോടൊപ്പം റോഡ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ വില വർധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെയും റോഡ് നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെയും വില വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ പല കരാറുകാരും നിലവിലുള്ള പ്രവൃത്തികൾ നിർത്തി വയ്ക്കുകയും പുതിയ കരാറുകൾ ഏറ്റെടുക്കാതിരിക്കുന്നതുമായ അവസ്ഥ സംജാതമായിട്ടുണ്ട്. കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടറുടെ കീഴിലും കെ.എസ്.ടി.പിയുടെ കീഴിലും വരുന്ന പ്രവർത്തികൾ പൊതുവേ മന്ദഗതിയിലായിട്ടുണ്ട്. പ്രവർത്തി പൂർണ്ണമായി നിർത്തി വച്ചിട്ടില്ല. ദേശീയപാതകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പദ്ധതികളിൽ ടാറിന്റെ വില വർദ്ധന മൂലം പ്രവൃത്തി തടസ്സപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ദേശീയപാതകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സർക്കുലർ പ്രകാരം ടാറിന്റെ വില വർദ്ധനവ് പ്രവർത്തിയുടെ പുരോഗതിയെ ബാധിക്കാതിരിക്കാൻ കരാറുകാരന് വില വർദ്ധനവ് നൽകുന്നത് സംബന്ധിച്ച് തീരുമാനമുണ്ട്. സമാനമായ ആശ്വാസ നടപടികൾ സംസ്ഥാന കരാറുകൾക്കും അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** നിർമ്മാണ സാമഗ്രികളുടെയും ടാറിന്റെയും വിലവർധനവിനെത്തുടർന്ന് കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ പല സ്ഥലത്തും പൂർണമായും നിർത്തിവച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മൺസൂൺ മഴയുടെ ആരംഭത്തോടെ പല പ്രധാന റോഡുകളും തകരാൻ തുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ഗതാഗത സംവിധാനം സുഗമവും അപകടരഹിതവുമാക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** മൺസൂൺ മഴയുടെ മുന്നോടിയായി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും അപകട രഹിതമാക്കുന്നതിനുമായി പ്രീ മൺസൂൺ പ്രവൃത്തികൾ ചെയ്തു വരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കുമായി 133 പ്രവൃത്തികൾക്ക് പൊതുമരാമത്ത് നിരത്തു വിഭാഗം ഭരണാനുമതി നൽകിയിട്ടുണ്ട്. അവ എത്രയും പെട്ടെന്ന് തന്നെ ക്രമീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രീ മൺസൂൺ പ്രവൃത്തികൾ നിലവിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ അല്ലാത്ത പക്ഷം മറ്റ് റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയോ പൂർത്തിയാക്കി റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പിയുടെ പരിധിയിൽ വരുന്ന റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ വരുന്ന പ്രവൃത്തികൾ 5 വർഷ പരിപാലന കാലാവധി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കരാറുകാർക്ക് തകരാറുകൾ പരിഹരിക്കുന്നതിനു വേണ്ട കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കി നിർത്തുന്നതിനായി MoRTH ഫണ്ട് ഉപയോഗിച്ച് STMC/PBMC പദ്ധതികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തുകയും Old NH ഉൾപ്പെടെയുള്ള റോഡുകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളും ചെയ്തു വരുന്നു. ഈ റോഡുകളിൽ 2026-27 സാമ്പത്തിക വർഷത്തിൽ 71.27 ലക്ഷം രൂപയുടെ പ്രീ മൺസൂൺ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ MORTH ന്റെ STMC/PBMC പ്രവൃത്തികളുള്ള സ്ട്രെച്ചുകളിൽ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി പ്രീ മൺസൂൺ പ്രവൃത്തികൾ ചെയ്യുന്നുണ്ട്.

**(ഡി)** കേന്ദ്രസർക്കാരിന്റെ ചുമതലയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ബിറ്റുമിന്റെ വിലയിലുണ്ടായ വർധനവിനനുയോജ്യമായ തുക കരാറുകാർക്ക് വർധിപ്പിച്ച് നൽകുന്നതിന് കേന്ദ്രം തീരുമാനമെടുത്തിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാനമായി സംസ്ഥാനത്തെ കരാറുകാർക്ക് ബിറ്റുമിന്റെ വിലവർധനവ് മൂലമുള്ള നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെയും റോഡ് നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികളുടെയും വില വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനെത്തുടർന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ പല കരാറുകാരും നിലവിലുള്ള പ്രവൃത്തികൾ നിർത്തി വയ്ക്കുകയും പുതിയ കരാറുകൾ ഏറ്റെടുക്കാതിരിക്കുന്നതുമായ അവസ്ഥ സംജാതമായിട്ടുണ്ട്. കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടറുടെ കീഴിലും കെ.എസ്.ടി.പിയുടെ കീഴിലും വരുന്ന പ്രവർത്തികൾ പൊതുവേ മന്ദഗതിയിലായിട്ടുണ്ട്. പ്രവർത്തി പൂർണ്ണമായി നിർത്തി വച്ചിട്ടില്ല. ദേശീയപാതകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പദ്ധതികളിൽ ടാറിന്റെ വില വർദ്ധന മൂലം പ്രവൃത്തി തടസ്സപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ദേശീയപാതകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സർക്കുലർ പ്രകാരം ടാറിന്റെ വില വർദ്ധനവ് പ്രവർത്തിയുടെ പുരോഗതിയെ ബാധിക്കാതിരിക്കാൻ കരാറുകാരന്

വില വർദ്ധനവ് നൽകുന്നത് സംബന്ധിച്ച് തീരുമാനമുണ്ട്. സമാനമായ ആശ്വാസ നടപടികൾ സംസ്ഥാന കരാറുകൾക്കും അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**